# പതിമൂന്നാം കേരളനിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.126 — 14.12.2012-ൽ മറുപടിക്ക്.

## പന്ത്രണ്ടാം പദ്ധതിക്കുള്ള മാർഗ്ഗ രേഖ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി.കൃഷ്ണൻ<br>ശ്രീ.എ.പ്രദീപ് കുമാർ<br>ശ്രമതി. പി.അയിഷാ പോറ്റി<br>ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) |
| (എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പന്ത്രണ്ടാം പദ്ധതിക്കുള്ള മാർഗ്ഗരേഖ യിൽ, ഉല്പാദന മേഖല അവഗണിക്കപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) പന്ത്രണ്ടാം പദ്ധതിക്കുള്ള മാർഗ്ഗരേഖയിൽ ഉല്പാദന മേഖല അവഗണിക്കപ്പെട്ടിട്ടില്ല. പശ്ചാത്തല മേഖലയ്ക്ക് മാത്രമേ പരിധി നിശ്ചയിച്ചിട്ടുള്ളു. പ്രാദേശിക ആവശ്യങ്ങൾ പരിഗണിച്ചുകൊണ്ട് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമായ തുക ഉൽപാദന മേഖലയിൽ വകയിരുത്താവുന്നതാണ്<br>പഞ്ചവൽസര പദ്ധതിയുടെ മുൻഗണനാ വിഷയങ്ങളിൽ മാർഗ്ഗരേഖയുടെ പ്രാരംഭമായി (ഖണ്ഡിക 3(1) ഉല്പാദന മേഖലയുടെ സ്ഥായിയായ വളർച്ചയ്ക്കായിരിക്കണം മുൻഗണന നൽകേണ്ടതെന്നും ഭക്ഷ്യവിളകൾ, പാൽ, മുട്ട, മാംസം, മൽസ്യം എന്നിവയുടെ ഉൽപാദനം മെച്ചപ്പെടുത്തുന്നതിനും ഉൽപ്പന്നങ്ങളുടെ സംസ്ക്കരണം, വിപണനം എന്നീ സംവിധാനങ്ങളിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുന്തിയ പരിഗണന നൽകണമെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. |
| ബി) ഉല്പാദന മേഖലയിൽ നിശ്ചിത ശതമാനം തുക വിനിയോഗിക്കണമെന്ന നിബന്ധന മാർഗ്ഗരേഖയിലുണ്ടോ; ഇല്ലെങ്കിൽ കാർഷിക മേഖലയോടുള്ള ഈ അവഗണനയ്ക്കിടയാക്കിയ സാഹചര്യം എന്തായിരുന്നു; വിശദമാക്കുമോ; | (ബി) ഉല്പാദന മേഖലയിൽ വകയിരുത്തേണ്ട ഫണ്ടിന് നിബന്ധന നിർണ്ണയിച്ചിട്ടില്ല. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗത്തിൽ കൂടുതൽ സ്വാതന്ത്ര്യം അനുവദിച്ചുകൊണ്ടാണ് 12-ാംപഞ്ചവൽസര പദ്ധതി മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുള്ളത്. വനിത ഘടക പദ്ധതിയ്ക്ക് വികസന ഫണ്ടിൽ നിന്ന് (പൊതുവിഭാഗം, എസ്.സി/എസ്.റ്റി വിഭാഗം |

ഫണ്ട്) 10% തുകയും വൃദ്ധർ, ഭിന്നശേഷിയുള്ളവർ തുടങ്ങിയ വിഭാഗങ്ങൾക്ക് 5% തുകയും നീക്കി വയ്ക്കുക എന്ന നിബന്ധനയ്ക്ക് വിധേയമായി പദ്ധതിതുക ഉൽപാദന സേവന പശ്ചാത്തല മേഖലകൾക്കായി പ്രാദേശിക ആവശ്യങ്ങൾക്കനുസൃതമായി ഉപയോഗിക്കാവുന്നതാണെന്ന് മാർഗ്ഗരേഖയിൽ അനുശാസിച്ചിട്ടുണ്ട്. ഇപ്രകാരമുള്ള വകയിരുത്തലിൽ പശ്ചാത്തല മേഖലയ്ക്ക് വകയിരുത്താവുന്ന തുകയുടെ ഉയർന്ന പരിധി പൊതുവിഭാഗം വികസന ഫണ്ടിന്റെ 45% ഗ്രാമ, ബ്ലോക്ക് പഞ്ചായത്തുകളിലും, 55% മുൻസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവയിലും 50% ജില്ലാ പഞ്ചായത്തുകളിലുമാണ്. അനിവാര്യ വകയിരുത്തലുകൾക്ക് ശേഷം ഉൽപാദന മേഖലയ്ക്കായാലും സേവന മേഖലയ്ക്കായാലും ആവശ്യമായ തുക വകയിരുത്തുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സ്വാതന്ത്ര്യം ഉണ്ട്. അതിനാൽ കാർഷിക മേഖലയെ അവഗണിച്ചിട്ടില്ല.

| | |
|---|---|
| (സി) കൃഷി - മൃഗ സംരക്ഷണ മേഖലയിൽപദ്ധതികൾ ഇല്ലാത്ത അവസ്ഥ സംജാതമായിരിക്കുന്നത്ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമായ നിബന്ധനകളോടെ മാർഗ്ഗരേഖപുതുക്കാൻതയ്യാറാകുമോ? | (സി) കൃഷി - മൃഗ സംരക്ഷണ മേഖലയിൽ പദ്ധതികൾ ഇല്ലാത്ത അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മുൻ വർഷങ്ങളെ അപേക്ഷിച്ച് കാർഷിക - മൃഗ സംരക്ഷണ മേഖലയിൽ പ്രോജക്ടുകളുടെ എണ്ണം കുറവാകുവാനുള്ള സാഹചര്യം ഇല്ല. |

സെക്ഷൻ ഓഫീസർ